THE

Travancore Government Gazette.

തിരുവിതാംകൊട്ട സക്കാർ ഗസെററ

PUBLISHED BY AUTHORITY EVERY TUESDAY

ഉത്തരവിൻ പ്രകാരം ചൊവ്വാഴ്ചതൊറും പ്രസിദ്ധപ്പെടുത്തുന്നതു

VOL. XLI.] TRIVANDRUM TUESDAY JANUARY 27, 1903. / THYE 14, 1078. [NO. 4.

വാല്യം [illegible] തിരുവനന്തപുരം [illegible] ചൊവ്വാഴ്ച നംബർ [illegible]

PART I.

I

ഒന്നാം ഭാഗം.

പേജ.

രണ്ടാം ഭാഗം.

Supplements.

സപ്ലിമെൻറുകൾ.

Part I.

Extract from the Gazette of India Extraordinary dated 1st January 1903.

* * * * *

"The King-Emperor has been graciously pleased to make the following appointment to the Most Eminent Order of the Indian Empire, on the occasion of the Durbar to be held this day at Delhi in His Majesty's Indian Empire, in commemoration of His Majesty's coronation:

TO BE KNIGHT GRAND COMMANDER.

His Highness Sri Padmanabha Dasa Vanji Sir Bala Rama Varma Kulashekhara Kiritapati Mani Sultan Maharaja Raja Rama Raja Bahadur Shamsher Jang, G. C. S. I., of Travancore.

* * * * * *

By Order of the Grand Master,

H. S. BARNES,
Secretary to the Most Eminent
Order of the Indian Empire."

* * * * * *

Important Intelligence.

His Highness the Maha Rajah returned to Trivandrum on the morning of Wednesday the $\frac{\text{21st January 1903}}{\text{8th Makaram 1078}}$ accompanied by the Dewan and other officers.

Appointments.

REVENUE.

M. R. Ry. M. Krishna Iyer, Tahsildar, Ambalapuzhai Taluk, to be in charge of the duties of the Kandukrishi Tahsildar, Ambalapuzhai, without prejudice to his own, during the absence of Krishna Pillai on leave or until further orders.

N. Neelacanda Pillai B. A. & B. L., Clerk, Huzur English Office, to act as Sheristadar, Padmanabhapuram Division Cutcherry, during the absence of R. Krishnaswamy Row B. A. on other duty or until further orders.

വിശേഷകാൎയ്യം

വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ൧൯൦൩-ാം വൎഷം ജനുവരിമാസം ൨൧-ാം൹ ൧൦൭൮-ാമാണ്ടു മകരമാസം ൮-ാം൹ ബുധനാഴ്ച കാലത്തു തിരികെ തിരുവനന്തപുരത്തു എഴുന്നള്ളുകയും ദിവാൻജി അവൎകളും മുതലായ ഉദ്യോഗസ്ഥന്മാർ കൂടി എത്തുകയും ചെയ്തിരിക്കുന്നു.

നിയമനങ്ങൾ

കൃഷ്ണപിള്ള അവധിയിലിരിക്കുന്ന കാലത്തൊ ഇനി ഒരു ഉത്തരവുണ്ടാകുന്നതു വരെയൊ അമ്പലപ്പുഴ കണ്ടുകൃഷി തഹശീൽദാർ ജോലി തന്റെ ജോലിക്കു വിരോധം കൂടാതെ നോക്കുന്നതിനു അമ്പലപ്പുഴ തഹശീൽദാർ മ. രാ. രാ. എം. കൃഷ്ണയ്യരെ നിയമിച്ചിരിക്കുന്നു.

പത്മനാഭപുരം ഡിവിഷൻ ശിരസ്തദാർ ആർ. കൃഷ്ണസ്വാമിരായർ ബി. എ. വേറെ ജോലിയിൽ ഇരിക്കുന്ന കാലത്തൊ ഇനി ഒരു ഉത്തരവുണ്ടാകുന്നതു വരെയൊ പത്മനാഭപുരം ഡിവിഷൻ ശിരസ്തദാർ വേല നോക്കുന്നതിനു ഹജൂർ ഇംഗ്ലീഷ് ആപ്പീസ് ക്ലാൎക്ക എൻ. നീലകണ്ഠപിള്ള ബി. എ. ബി. എൽ.-നെ നിയമിച്ചിരിക്കുന്നു.

T. Lakshmanan Pillai B. A., Sheristadar, Kottayam Division Cutcherry, is appointed Superintendent of Stamps and Stationery *vice* Mr. S. D. Sawyer deceased.

Confirmation.

REVENUE.

K. Parameswaran Pillai B. A. & B. L., Clerk, Huzur English Office, acting as Sheristadar, Padmanabhapuram Division Cutcherry, is appointed Sheristadar, Kottayam Division Cutcherry.

Leave of Absence.

REVENUE.

Krishna Pillai, Kandukrishi Tahsildar, Ambalapuzhai, privilege leave for 30 days.

Assumption of Charge.

HUZUR CUTCHERRY.

The Dewan resumed charge of the Huzur Cutcherry on the 21st January 1903 / 8th Makaram 1078.

NOTIFICATION.

Under Clause 2 Section 7 of Regulation III of 1076 the Medical Officer, in charge of the District Hospital, Alleppey, is appointed *ex-officio* member of the local Town Improvement Committee.

V. NAGAM AIYA,
Dewan Peishcar, In Charge.

Huzur Cutcherry,
Trivandrum,
17th January 1903.

മിസ്റ്റർ എസ്. ഡി. സായർ മരിച്ചുപോയതിനു പകരം സ്റ്റാമ്പും സ്റ്റെഷനറിയും സൂപ്രേണ്ടായി കൊട്ടയം ഡിവിഷൻ കച്ചേരിയിൽ ശിരസ്തദാർ ടി. ലക്ഷ്മണൻപിള്ള ബി. ഏ.-യെ നിയമിച്ചിരിക്കുന്നു.

വേലയിൽ സ്ഥിരപ്പെടുത്തിയ വിവരം

പത്മനാഭപുരം ഡിവിഷൻ ശിരസ്തദാർ വേല നോക്കുന്ന ഹജൂർ ഇംഗ്ലീഷ് ആപ്പീസു ക്ലാർക്ക് കെ. പരമെശ്വരൻപിള്ള ബി. ഏ. ബി. എൽ.-നെ കൊട്ടയം ഡിവിഷൻ ശിരസ്തദാർ വേലയിൽ സ്ഥിരപ്പെടുത്തിയിരിക്കുന്നു.

അവധി കൊടുത്ത വിവരങ്ങൾ

അമ്പലപ്പുഴ കണ്ടുകൃഷി തഹശീൽദാർ കൃഷ്ണപിള്ളക്കു ൩൦ ദിവസത്തെ പ്രിവിലെജ് അവധി കൊടുത്തിരിക്കുന്നു.

ചാർജ്ജേറ്റ വിവരം

ദിവാൻജി അവർകൾ ൧൯൦൩-ാം വർഷം ജനുവരിമാസം ൨൧-ാം൹ ൧൦൭൮-ാമാണ്ടു മകരമാസം ൮-ാം൹ മുതൽ ഹജൂർകച്ചേരിയിലെ ചാർജ്ജേറ്റിരിക്കുന്നു

പരസ്യം

൧൦൭൬-ാമാണ്ടത്തെ ൩-ാം റെഗുലെഷൻ ൭-ാം വകുപ്പു ൨-ാം ഖണ്ഡം അനുസരിച്ചു ആലപ്പുഴ പട്ടണ പരിഷ്കരണ കമ്മിട്ടിയിലെ എക്സ് അഫിഷ്യോ മെംബറായി അവിടത്തെ ഡിസ്ത്രിക്ട് ആശുപത്രിയിൽ മേലധികാരം വഹിക്കുന്ന മെഡിക്കൽ ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നു

വി. നാഗമയ്യാ,
ദിവാൻപെഷ്കാർ ഇൻചാർജ്ജ്.

ഹജൂർക്കച്ചേരി,
തിരുവനന്തപുരം,
൧൯൦൩ ജനുവരി ൧൭-൹

No. A. 113.

Huzur Cutcherry,
Trivandrum, 24th January 1903.

Circular.

All public servants are bound to receive genuine silver chuckrums in payment of taxes or other Government demands.

2. Sub-treasuries should not return to any Court or Officer silver chuckrums received from such Court or Officer, on the ground that they are not genuine, without special orders from the Huzur.

3. To enable the Dewan to decide whether suspected coins are genuine or not they should be sent by the sub-treasuries to the Huzur Treasury secured in a separate bag sealed with the seals of the sub-treasury and of the public servant who brought them to the sub-treasury. A label should be attached to each bag stating the number of coins therein, and the name of the office from which they were received and it should be initialled or signed by the sub-treasury cashkeeper and the public servant producing the same.

K. KRISHNASWAMY RAO,
Dewan.

സൎക്കുലർ.

സൎക്കാർ കരം ഒടുക്കുന്നതിലൊ സൎക്കാരിലെക്ക ചെല്ലുവാനുള്ള മറ്റു കാൎയ്യങ്ങൾക്കൊ ആയി വ്യാജമല്ലാത്ത വെള്ളി ചക്രം എല്ലാ സൎക്കാർ ജീവനക്കാരും സ്വീകരിക്കേണ്ടതാകുന്നു.

വല്ല കൊട്ടിലൊ ഉദ്യോഗസ്ഥന്റെ പക്കലൊ നിന്നു വരുന്ന വെള്ളി ചക്രങ്ങളെ കീഴ് ഖജനാ മുതൽപിടിക്കാർ കള്ളനാണയങ്ങളാണെന്നുള്ള കാരണത്തിന്മേൽ അവയെ അയച്ച കൊട്ടിലെക്കൊ ഉദ്യോഗസ്ഥന്നൊ ഹജൂരിലെ പ്രത്യേകമായ ഉത്തരവു കൂടാതെ മടങ്ങി കൊടുത്തുകൂടാത്തതാകുന്നു.

കീഴ് ഖജനാ മുതൽപിടിക്കാർ സംശയപ്പെട്ടു കാണുന്ന നാണയങ്ങളെ പ്രത്യേകം ഒരു മടിശ്ശീലയിൽവച്ചു കെട്ടി അവയെ ആ ഖജനാവിലെക്ക കൊണ്ടുവന്ന സൎക്കാർ ജീവനക്കാരുടെയും ആ ഖജനാവിലെയും മുദ്രകൾവച്ചു അവയുടെ വാസ്തവ സ്ഥിതിയെ നിൎണ്ണയിക്കുന്നതിലെക്കായി ഹജൂർ ഖജനാവിലെക്ക അയക്കേണ്ടതാകുന്നു.

ഓരൊ മടിശ്ശീലയിലും എത്ര ചക്രങ്ങൾ ഉണ്ടെന്നും അവ ഏതു കച്ചേരിയിൽ നിന്നു വന്നതാണെന്നും ഉള്ള വിവരത്തിനു ഒരു ലെബിൽ എഴുതി അതിൽ ആ കീഴ് ഖജനാ മുതൽപിടിക്കാരനും അവയെ കൊണ്ടുവന്ന സൎക്കാർ ജീവനക്കാരനും ഒപ്പിടുകയൊ അടയാളം വയ്ക്കയൊ ചെയ്തു അതിനെ ഓരൊ മടിശ്ശീലയിലും ചേൎത്തുവച്ചു അയക്കേണ്ടതാകുന്നു.

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ സി. ഐ. ഇ.

Part. II.

Notice of auction sale of contract for the supply of Vegetables &c., for Oottupuras

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു
എന്തെന്നാൽ

തൊടുപുഴ താലൂക്കിൽ ചേർന്ന കാഞ്ഞിരമറ്റത്തു മഹാദേവർ ക്ഷേത്രത്തിൽ വച്ചു കീഴിലെ പതിവുപ്രകാരം ൧൦൭൫-ാമാണ്ടു കുംഭമാസം ൨൧-നു ഉത്സവബലി അടിയന്തിരം നടത്തിക്കുന്ന വകക്കു അരി ഒഴികെ മറ്റുള്ള സകല സാമാനങ്ങളും ഏല്പിക്കുന്നതിനു കരാറുകാര ആളെ ഏർപ്പെടുത്തേണ്ട വകയ്ക്കു ൧൦൭൫ വരുന്ന മകരമാസം ൨൫-നു പകൽ രണ്ടു മണിക്കു ഈ കച്ചേരിയിൽ വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ള ആളുകൾ അന്നേ ദിവസം ഈ കച്ചേരിയിൽ ഹാജരായി വിളികേൾക്കാവുന്നതാകുന്നു.

ലേലത്തിൽ ചേരുന്ന ആളുകൾ ഓരോരുത്തരും ൫ രൂപാ വീതം ഡിമാണി വയ്ക്കേണ്ടതും അങ്ങനെ കെട്ടിവയ്ക്കാത്തവരെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ലേലം സ്ഥിരപ്പെടുത്തിയ ഉടൻ ശേഷം പേരുടെ ഡിമാണി തിരിച്ചു കൊടുക്കുന്നതും ആകുന്നു ലേലത്തിൽ സർക്കാരിലേക്കു സഹായമായി ബോധിപ്പിക്കുന്നവരുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും ആയാൾ ഡിമാണിവച്ചിരിക്കുന്നതു ഉൾപ്പെടെ ഒട്ടുക്കുള്ള കോപ്പു വിലയിൽ എട്ടിലൊരു ഭാഗം വില ഡിമാണി വകക്കു ഹജൂരിലെ അനുവാദപ്രകാരം സ്ഥിരപ്പെടുത്തുന്നതു മുതൽ മൂന്നു ദിവസത്തിനകം കെട്ടിവയ്ക്കയും ക്രമപ്രകാരം ഉടമ്പടി വയ്ക്കയും ചെയ്യേണ്ടതാകുന്നു.

ലേലം സ്ഥിരപ്പെടുത്തിയ ശേഷം ഡിമാണിയും ഉടമ്പടിയും വയ്ക്കാതെ ഇരുന്നാൽ ആദ്യം വച്ചിട്ടുള്ള രൂപാ പ്രായശ്ചിത്തമായി മുതൽ കൂട്ടുന്നതാണെ ആവർത്തിച്ചു ചെയ്യുന്ന ലേലത്തിൽ സർക്കാരിലേക്കു വല്ല നഷ്ടവും നേരിടുന്നതായാൽ ആയതു ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭം ഉണ്ടായാൽ അവകാശപ്പെടുന്നതല്ലാത്തതും ആകുന്നു.

അടിയന്തിരത്തിനുവേണ്ട കോപ്പുകൾ മേനിക്കുറവും തരഭേദവും കൂടാതെ ശേഖരപ്പെടുത്തി കാഞ്ഞിരമറ്റത്തു ദേവസ്വം കൊട്ടാരത്തിൽ കൊണ്ടുപോയും ആവശ്യത്തിനു തക്കവണ്ണം അടിയന്തിരം ലെയും തൊടുപുഴ പാർവ്വത്യകാരനെ ഏല്പിച്ചു രസീതു വാങ്ങിക്കൊള്ളേണ്ടതും അടിയന്തിരം തീർന്നുകൂടുമ്പോൾ കണക്കു തീർത്തു പണം പറ്റുകയും ചെയ്യേണ്ടതാകുന്നു.

ലേലം സ്ഥിരപ്പെടുത്തുകയും നിരാകരിക്കുകയും ചെയ്യുന്നതു സർക്കാരിലെ ഇഷ്ടംപോലെ ആയിരിക്കും എന്നു

൧൦൭൫ ധനു ൨൩-നു

അ: ഡിവിഷൻ ഇൻ ചാർജ് എസ്സ്. ഗോപാലപിള്ള.

കൊല്ലം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ.

കുന്നത്തൂർ താലൂക്കിൽ ചെന്ന ശാസ്താംകോട്ട ക്ഷെത്രത്തിൽ ൧൦൩൨ മകരമാസം ൨൨൹ കൊടികയറി ഉത്സവം തുടങ്ങി നടക്കെണ്ടുന്ന വകക്ക വിരുത്തിക്കൊപ്പുകൾ കരാറുകൊടുക്കുന്നതിന ആളെപ്പെടുത്തുവാൻ മകരമാസം ൧൯൹ ടി താലൂക്ക കച്ചെരിയിൽ വച്ചു തഹശിൽദാർ ലെലം നടത്തുന്നതിന നിശ്ചയിച്ചിരിക്കുന്നതിനാൽ അന്നെ ദിവസം വിളികെൾപ്പാൻ മനസ്സുള്ള ആളുകൾ ഹാജരായി പെരൊന്നിന ൫ രൂപാ വീതം മുൻപെറ കെട്ടിവച്ചു വിളികെൾക്കാമെന്നുള്ളതാകുന്നു. മുൻപെറ കെട്ടിവെക്കാതെ ലെലത്തിൽ ചെരുവാൻ പാടില്ലാ. ലെലം സ്ഥിരപ്പെട്ടയുടനെ ലെലക്കാറൻ ഒഴികെ ശെഷംപെരു കെട്ടിവച്ച പണം തിരിയെ കൊടുപ്പിക്കുന്നതാകുന്നു.

ലെലം കഴിഞ്ഞാൽ ഉടനെ ലെലക്കാറൻ മുദ്രപ്പത്രത്തിൽ ഉടമ്പടിയും കൊപ്പുവിലയിൽ എട്ടിലൊന്നു ഡെമണിയും വെക്കെണ്ടതാകുന്നു. ശരിയായ ഉടമ്പടിയും ഡെമണിയും വെക്കാതെ ഇരുന്നാൽ മുൻപെറ കെട്ടിവച്ച പണവും ഉടമ്പടി വച്ചതിൽ പിന്നീട അതുപൊലെ നടക്കാതെ വല്ല വീഴ്ചക്കും ഇടവരുത്തിയാൽ ഡെമണിയും സൎക്കാരിൽ മുതൽ കൂട്ടുന്നതാകുന്നു.

കൊപ്പുകൾ അടിയന്തിര കലവറയിലും ആവശ്യപ്പെടുന്ന സമയത്തും തൂക്കിയും അളന്നും എണ്ണിയും എല്പിക്കെണ്ടതാകുന്നു. അടിയന്തിരം കഴിഞ്ഞാൽ ഉടനെ കണക്ക തീൎത്തു വില കൊടുക്കുന്നതാകുന്നു. ഇതു കൂടാതെ ലെലക്കാറനിൽ നിന്നും വല്ല നഷ്ടവും വന്നാൽ അതു ഡെമണിക്ക പുറമെ സ്വത്തിൽ നിന്നും കൂടി ഈടാക്കുന്നതാകുന്നു എന്നു

൧൦൩൨ ധനു ൨൯൹

ദിവാൻ പെഷ്കാർ രാജാരാമരായര.

കൊല്ലം ഡിവിഷൻ കച്ചെരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

അമ്പലപ്പുഴ താലൂക്കിൽ ചെന്ന അമ്പലപ്പുഴ ക്ഷെത്രത്തിൽ ൧൦൩൨ മാണ്ട മീനമാസം ൨൨൹ കൊടികയറി ഉത്സവംതുടങ്ങുന്നതു പ്രമാണിച്ചു വിരുത്തിക്കാർ എല്പിച്ചുവന്ന കൊപ്പുകൾ കരാറുകൊടുക്കുന്നതിന കുംഭമാസം ൧൦൹ പകൽ ൧൧ മണിമുതൽ ൪ മണിവരെയും അന്നു ലെലം തീരാത്തപക്ഷം അടുത്തദിവസങ്ങളിൽ മെല്പറഞ്ഞ സമയങ്ങളിലും അമ്പലപ്പുഴ താലൂക്ക കച്ചെരിയിൽവച്ചു തഹശിൽദാർ ലെലം ചെയ്യുന്നതിന നിശ്ചയിച്ചിരിക്കുന്നതിനാൽ ലെലത്തിൽ ചെരുന്നതിന മനസ്സുള്ള ആളുകൾ ഹാജരായി ബൊധിപ്പിച്ചു കൊള്ളെണ്ടതാകുന്നു.

൧. ലെലത്തിൽ ചെരുന്നതിന ഓരോരുത്തരും പത്തു രൂപാ ഡെമണി വയ്ക്കെണ്ടതും അല്ലാത്തപക്ഷം ലെലത്തിൽ ചെരുന്നതല്ലാത്തതും ആകുന്നു ലെലം സ്ഥിരപ്പെട്ട ഉടനെ സ്ഥിരപ്പെടുന്നവരുടെ ഒഴികെ ശെഷംപെരുടെ രൂപാ തിരികെ കൊടുക്കുന്നതായിരിക്കും സ്ഥിരപ്പെടുന്ന ആൾ കരാറ ശരിയായി നടത്താമെന്നുള്ള ഉറപ്പിനുവെണ്ടി മുൻ ഹാജരാക്കുന്നതുംകൂടെ കരാറ വിലയിൽ എട്ടിൽ ഒരുഭാഗം സംഖ്യ ഡെമണിയായി അടുത്തദിവസം വൈകുന്നതിനകം വെയ്ക്കണം അങ്ങനെ വയ്ക്കാതെയിരുന്നാൽ ആദ്യഡെമണിയെ സൎക്കാരിലെക്ക മുതൽ കൂട്ടുന്നതു കൂടാതെ രണ്ടാമതു ലെലംവിളിപ്പിക്കയൊ മറെറാ വെറെവിധം വ്യവസ്ഥചെയ്യുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിന കരാറുകാറൻ ഉത്തരവാദിയായി തീരുന്നതാകുന്നു ലാഭം ഉണ്ടായാൽ അവകാശം പറഞ്ഞുകൂടുന്നതല്ലാ.

൨. എല്പിക്കെണ്ടതായ സാമാനങ്ങളുടെ സംഖ്യയും മററും അറിയെണമെന്നുണ്ടായിരുന്നാൽ താലൂക്ക കച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ചാൽ പറയുന്നതാണ സാമാനം കൂടുതലൊ കുറവായൊ തലനാൾപ്പടിയും മുൻകൂടി വെണ്ടതു ആവശ്യപ്പെടുന്നതുപൊലെയും എല്പിക്കണം സാമാനങ്ങൾ അമ്പലപ്പുഴ ഉത്സവ കലവറയിൽ മീനമാസം ൧൫൹ മുതൽ ൧൯൹ വരെ കൊടുക്കുന്നതു ആയാണ തൂക്കിയും എണ്ണിയും എല്പിക്കെണ്ടതാകുന്നു.

൩. ഓരോദിവസവും എല്പിക്കുന്ന സാമാനങ്ങൾക്ക അപ്പഴപ്പൊൾ തന്നെ ചുമതലക്കാറനൊട പതിച്ചു വാങ്ങിക്കൊള്ളെണ്ടതും അടിയന്തിരം കഴിഞ്ഞു കണക്കതീൎന്ന ശെഷം ഡെമണി പണം തിരികെ കൊടുക്കുന്നതും ആകുന്നു.

൪. ഏതെങ്കിലും സാമാനങ്ങൾ ശരിയായ സമയത്തു എല്പിക്കാതെ ഇരിക്കയൊ കരാറുകാറന്റെ നടപടി തെററിനാലൊ വീഴ്ചയിനാലൊ ഏതെങ്കിലും തകരാറുകൾ നെരിടുകയൊ ചെയ്യുന്നതായാൽ അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിന കരാറുകാറൻ ഉത്തരവാദിയായിരിക്കും ആ നഷ്ടത്തിന ഡെമണിക്ക പുറമെ വസ്തുവിലും പ്രവെശിച്ചു ഈടാക്കുന്നതായിരിക്കും.

൫. സാമാനങ്ങൾ എല്ലാം കനിച്ചൊ ഇനത്തിൻപടിയൊ വെവ്വെറെയൊ ഒരാൾക്കൊ പലൎക്കൊ കൊടുക്കുന്നതായിരിക്കും ലെലം സ്ഥിരപ്പെടുത്തുന്നതും തള്ളുന്നതും സൎക്കാരിലെ യുക്താനുസരണം ആയിരിക്കുന്നതും ആകുന്നു എന്നു

൧൦൩൨ മാണ്ട ധനുമാസം ൧൫൹

ദിവാൻപെഷ്കാർ പകരം ആ അസിസ്റ്റന്റ രംഗനാചാര്യൻ.

കൊട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഏറ്റുമാനൂർ ക്ഷേത്രത്തിൽ ൭൮ാം വരുന്ന കുംഭമാസം ൧൩൹ കൊടിയേറി തിരുവുത്സവം തുടങ്ങി നടക്കേണ്ടതിലേക്കു വേണ്ട സാമാനങ്ങൾക്കു കുത്തക കൊടുക്കുന്നതിനു ൭൮ാം വരുന്ന മകരമാസം ൨൩൹ പകൽ ൧൨ മണിക്കു ഒരം കച്ചേരിയിൽ വച്ചു ലേലം വിളിപ്പാൻ നിശ്ചയിച്ചിരിക്കുന്നതാകകൊണ്ടു അതിലേക്കു മനസ്സുള്ള ആളുകൾ ആയവധിക്കകം ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

ലേലത്തിൽ ചേരുന്നവർ ഓരോരുത്തരു ൫൦ രൂപാ ഡെമാണി വെക്കേണ്ടതും അല്ലാത്തപക്ഷം ലേലത്തിൽ ചേരുവാൻ സമ്മതിക്കുന്നതല്ലാത്തതും ആകുന്നു. ലേലം സ്ഥിരപ്പെട്ടതിന്റെ ശേഷം കുത്തക വിലയിൽ എട്ടിലൊരു ഭാഗം സംഖ്യ അടുത്ത ദിവസം വെക്കുന്നതിനാകം വെക്കേണ്ടതും അല്ലാതെ പോയാൽ ആദ്യഡെമാണിയെ സർക്കാരിലേക്കു മുതൽകൂട്ടുന്നതു കൂടാതെ മാമതു ലേലം വിളിപ്പിച്ചോ മറ്റൊ വേറെ വിധം വ്യവസ്ഥ ചെയ്തു നടത്തിക്കുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്നു. ലാഭം ഉണ്ടായാൽ അതിലേക്കു അവകാശം പറയുന്നതും കൂടുന്നതല്ലാ. ലേലം സ്ഥിരപ്പെട്ട ഉടനെ ശേഷം പേരിടെ ഡെമാണി തിരിച്ചു കൊടുക്കുന്നതായിരിക്കും.

ഏല്പിച്ചുകൊടുക്കേണ്ടതായ സാമാനങ്ങളുടെ തരവും തവണയും സംഖ്യയും ഒരം കച്ചേരിയിൽ ഹാജരായി ചോദിച്ചാൽ വിവരം പറയുന്നതാകുന്നു. ഉടമ്പടിയിൽ കൂടുതലായിട്ടോ കുറവായിട്ടോ വേറെ വല്ല സാമാനവും ആവശ്യപ്പെടുന്നതുപോലെയും കുത്തകക്കാരൻ ഏല്പിക്കേണ്ടതാണു. സാമാനങ്ങൾ അതാതു സമയം കലവറയിൽ കൊണ്ടു ചെന്നു കീഴ്നടപ്പുപോലെ അളക്കിയും എണ്ണിയും അളന്നും ഏല്പിച്ചു പ്രമാണവും അടിയന്തിരം കഴിഞ്ഞ ഉടനെ കണക്കു തീർത്തു പണം കൊടുക്കുന്നതും ആകുന്നു. കുത്തക അവധി കഴിഞ്ഞതിൽ പിന്നെ സകല കണക്കുകളും നോക്കി നിശ്ചയപ്പെടുത്തി ഡെമാണി തിരിച്ചു കൊടുക്കുന്നതാണു.

ഏതെങ്കിലും സാമാനങ്ങൾ അതാതു അവധിക്കു ശരിയായി ഏല്പിക്കാതിരിക്കയോ കുത്തകക്കാരന്റെ വീഴ്ചയിനാലോ നടപടി തെറ്റിനാലോ വല്ല തകരാറുകളും നേരിടുകയോ ചെയ്താൽ അതിൽ വച്ചുണ്ടാകുന്ന നഷ്ടങ്ങൾക്കു കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതാകുന്നു. നഷ്ടത്തിനു ഡെമാണിക്കും പുറമെ വസ്തുവിലും പ്രവേശിച്ചു ഈടാക്കുന്നതാകുന്നു.

ലേലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു ൧൦൭൮ ധനു ൨൮൹—

ദിവാൻ പേഷ്കാർ എസ്സ്. പത്മനാഭയ്യർ.

കൊട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ.

ഏറ്റുമാനൂർ ക്ഷേത്രത്തിൽ ൭൮ാം വരുന്ന കുംഭമാസം ൧൩൹ കൊടിയേറി തിരുവുത്സവം തുടങ്ങി നടക്കേണ്ടതിലേക്കു ൩൫൦൦ കെട്ടു വിറകു വേണ്ടതിനു കുത്തക കൊടുക്കുന്നതിനു ൭൮ാം വരുന്ന മകരമാസം ൨൩൹ പകൽ ൧൨ മണിക്കു ഒരം കച്ചേരിയിൽ വച്ചു ലേലം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നതാകകൊണ്ടു അതിലേക്കു മനസ്സുള്ള ആളുകൾ ആയവധിക്കകം ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

ലേലത്തിൽ ചേരുന്നവർ ഓരോരുത്തരു ൫൦ രൂപാ ഡെമാണി വെക്കേണ്ടതും അല്ലാത്തപക്ഷം ലേലത്തിൽ ചേരുവാൻ സമ്മതിക്കുന്നതല്ലാത്തതും ആകുന്നു. ലേലം സ്ഥിരപ്പെട്ടതിന്റെ ശേഷം കുത്തക വിലയിൽ എട്ടിലൊരു ഭാഗം അടുത്ത ദിവസം വെക്കുന്നതിനാകം വെക്കേണ്ടതും അല്ലാതെ പോയാൽ ആദ്യഡെമാണിയെ സർക്കാരിലേക്കു മുതൽകൂട്ടുന്നതു കൂടാതെ മാമതു ലേലം വിളിപ്പിച്ചോ മറ്റൊ വേറെ വിധം വ്യവസ്ഥചെയ്തു നടത്തിക്കുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്നു. ലാഭം ഉണ്ടായാൽ അതിലേക്കു അവകാശം പറയുന്നതും കൂടുന്നതല്ലാ. ലേലം സ്ഥിരപ്പെട്ട ഉടനെ ശേഷം പേരിടെ ഡെമാണി തിരിച്ചു കൊടുക്കുന്നതായിരിക്കും.

ഏല്പിച്ചുകൊടുക്കേണ്ടതായ വിറകിന്റെ തരവും തവണ മുതലായതും ഒരം കച്ചേരിയിൽ ഹാജരായി ചോദിച്ചാൽ വിവരം പറയുന്നതാകുന്നു. ഉടമ്പടിയിൽ കൂടുതലായിട്ടോ കുറവായിട്ടോ ആവശ്യപ്പെടുന്നതുപോലെ കുത്തകക്കാരൻ ഏല്പിക്കേണ്ടതാണു. അതാതു സമയം കലവറയിൽ കൊണ്ടു ചെന്നു കീഴ്നടപ്പുപോലെ ഏല്പിച്ചു പ്രമാണവും അടിയന്തിരം കഴിഞ്ഞയുടനെ കണക്കു തീർത്തു പണം കൊടുക്കുന്നതും ആകുന്നു. കുത്തക അവധി കഴിഞ്ഞതിൽ പിന്നെ സകല കണക്കുകളും നോക്കി നിശ്ചയപ്പെടുത്തി ഡെമാണി തിരിച്ചു കൊടുക്കുന്നതാണു.

അതാതു അവധിക്കു ശരിയായി ഏല്പിക്കാതെയോ കുത്തകക്കാരന്റെ വീഴ്ചയിനാലോ നടപടിതെറ്റിനാലോ വല്ല തകരാറുകളും നേരിടുകയോ ചെയ്താൽ അതിൽ വച്ചുണ്ടാകുന്ന നഷ്ടങ്ങൾക്കു കുത്തകക്കാരൻ ഉത്തരവാദിയായി തീരും. നഷ്ടത്തിനു ഡെമാണിക്കും പുറമെ വസ്തുവിലും പ്രവേശിച്ചു ഈടാക്കുന്നതാകുന്നു.

ലേലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു ൧൦൭൮ ധനു ൨൮൹—

ദിവാൻ പേഷ്കാർ എസ്സ്. പത്മനാഭയ്യർ.

Notice of auction sale of contract for the supply of rice for Alleppey Jail.

൭൩ മകരം ൩൩-

കിച്ചവടം വക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ആലപ്പുഴ ജയിലിൽ കിടപ്പുള്ള ബന്ധനസ്ഥന്മാരായ പുള്ളികൾക്കു അരി കൊടുക്കുന്ന വകക്കു ആലപ്പുഴ മുറിയിൽ തറമേൽ പുരയിടത്തിൽ ഔസേപ്പ വറിയതു ഏറ്റു നടന്നു വരുന്ന ഉടമ്പടിയുടെ അവധി ൭൩ മാണ്ടു മീനം മാസം അവസാനത്തോടുകൂടി തീരുന്നതാകയാൽ അടുത്ത കുംഭമാസം ൧൨-നു മുതൽ ൬ മാസത്തേക്കു അരി കൊടുക്കുന്നതിനു ൭൩ മാണ്ടു മീനം ൪-നു പൊല്പാകു പകൽ ൨ മണിക്കു ടി കച്ചേരിയിൽ വച്ചു ലേലം വിളിച്ചു കുറഞ്ഞ തുകക്കു ഏല്ക്കുന്നവർക്കു ഉടമ്പടി കൊടുത്തു നടത്തിക്കുന്നതിനു നിശ്ചയിച്ചിരിക്കകൊണ്ടു ലേലം വിളികേൾപ്പാൻ മനസ്സുള്ളവർ ലേലസമയം ടി കച്ചേരിയിൽ ഹാജരായി വിളികേട്ടുകൊള്ളേണ്ടതും ആകുന്നു.

൧. ലേലത്തിൽ ചേരുന്നതിനു ആഗ്രഹിക്കുന്നവർ പേരു ഒന്നുക്കു ൫൦ രൂപാ വീതം എർണസ്റ്റു കെട്ടിവെക്കേണ്ടതും അങ്ങിനെ കെട്ടിവെക്കുന്നവർ മാത്രം ലേലത്തിൽ ചേരുവാൻ അനുവദിക്കുന്നതും ലേലം സ്ഥിരപ്പെടുത്തുന്ന ആളിന്റെ ഒഴിച്ചു ശേഷം പേരിടെ എർണസ്റ്റു ഉടൻതന്നെ തിരികെ കൊടുക്കുന്നതും ലേലം സ്ഥിരപ്പെടുന്നവന്റെ എർണസ്റ്റു ഡിപ്പാസിറ്റിൽ വക വെക്കുന്നതും ആകുന്നു.

൨. ഏറ്റവും കുറഞ്ഞ തുകക്കു വിളി കേൾക്കുന്നവന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും ആകുന്നു.

൩. ലേലം സ്ഥിരപ്പെടുത്തുന്നവർ ഉടമ്പടിയുടെ ഉറപ്പിലേക്കായി ൫൦ ബ്രിട്ടീഷ രൂപാ ലേലദിവസം മുതൽ ൩ ദിവസത്തിനകം ഡിപ്പാസിറ്റ് കെട്ടിവെക്കയും മറക്കു ഉടമ്പടിക്കാരന്റെ ചിലവിന്മേൽ മുദ്ര പത്രത്തിൽ ഉടമ്പടി എഴുതിവച്ചുകൂടയും വേണം.

൪. ഉടമ്പടിപ്രകാരം ശരിയായി നടക്കാതെ ഇരുന്നാൽ ഡിപ്പാസിറ്റ് വച്ചിട്ടുള്ള പണം സർക്കാരിലേക്കു പിഴയായി മുതൽ കൂട്ടുന്നതു കൂടാതെ ഉടമ്പടി വീണ്ടും ലേലം വിളിപ്പിച്ചു ആളെ ഏല്പിച്ചു നടത്തിക്കുന്നതിൽ വല്ല ഉണ്ടാകുന്ന നഷ്ടങ്ങൾക്കു ആദ്യ ഉടമ്പടിക്കാരൻ ഉത്തരവാദിയാകുന്നതും ലാഭം വരുന്നതായാൽ ആദ്യ ലേലക്കാരനു അവകാശമില്ലാത്തതും ആകുന്നു. ഉടമ്പടി സർക്കാരിലേക്കു നഷ്ടമെന്നു കണ്ടാൽ യാതൊരു കാരണവും കൂടാതെ നിരാകരിക്കുന്നതിനു സർക്കാരിലേക്കു അധികാരമുള്ളതും ആകുന്നു.

വേറെ ഉടമ്പടി സ്ഥിരപ്പെടുത്തുന്നതുവരെ ഉടമ്പടിക്കാരൻ ഏല്പിക്കുന്ന റെയിററ അനുസരിച്ചു അരി കൊടുത്തുകൊള്ളേണ്ടതാകുന്നു.

ഇതിനെപ്പറ്റി വേറെവല്ല വിവരവും അറിവാൻ ആഗ്രഹിക്കുന്നവർ കിച്ചവടം വക ആപ്പീസിൽ ഹാജരായി ചോദിച്ചാൽ അറിയാവുന്നതാണ്.

സി. ജെ. മാർട്ടിൻ,
കമ്മേഴ്സ്യൽ ഏജന്റ.

Notice of auction sale of certain lands.

മൂവാറ്റുപുഴ താലൂക്കുകച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

സഞ്ചായം വകയിൽ ൧൦൭൨ മാണ്ടു ചെറുചരക്കു കുത്തക വകയിൽ കുടിശ്ശിക ബ്രിട്ടീഷ് രൂപാ കൊതമംഗലത്തെണ്ടിയിൽ ഇലഞ്ഞിക്കൽ വർക്കി കരിയപ്പു തിട്ടാനുള്ളതിലേക്കു ആയാളിടെ വക താഴെ പറയുന്ന വസ്തു ൭൩ ധനുമാസം ൧൫-നു സ്ഥലത്തു വച്ചു ലേലത്തിനു നിശ്ചയിച്ചു തുലാമാസം ൧൫-നു പരസ്യം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു ആയവധിക്കു സ്ഥലത്തു പോകുന്നതിനും ലേലം നടത്തുന്നതിലേക്കും സൌകര്യമായിട്ടില്ലാത്തതും ൭൩ മാണ്ടു കുംഭമാസം ൫-നു സ്ഥലത്തു വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നും ആകയാൽ മനസ്സുള്ള ആളുകൾ അവധിക്കു സ്ഥലത്തു ഹാജരായി കൂടുതൽ തുകക്കു വിളിക്കും അങ്ങനെ വിളികേൾക്കുന്നവർ മുന്നിലൊന്നു ഡിപ്പാസിറ്റ് ഉടനെയും ശേഷിക്കുന്നതു ലേലം സ്ഥിരപ്പെടുത്തി ഉത്തരവുണ്ടാകുമ്പോഴും കെട്ടിവെക്കേണ്ടതും ആകുന്നു. ടി സംഖ്യ ലേലം സ്ഥിരപ്പെടുത്തി ഉത്തരവുണ്ടാകുമ്പോൾ കെട്ടിവെക്കാതെ ഇരുന്നു വീണ്ടും ലേലത്തിനിടയാകിയാൽ അവൻ ലേലസംഖ്യ കെട്ടിവെക്കാതെ ഇരുന്നാൽ ആ ലേലക്കാരൻ ലേലസംഖ്യ ഉത്തരവാദിയായി തീരുന്നതാണ്, കൂടാതെ വല്ലതുമുണ്ടാകുന്ന നഷ്ടത്തിനു ആദ്യ ലേലക്കാരൻ ഉത്തരവാദിയായി തീരുന്നതാണ്, കൂടുതൽ വന്നാൽ അതിലേക്കു അവകാശം പറവാനില്ലാത്തതും ആകുന്നു എന്നു

൧൦൭൩ മാണ്ടു ധനുമാസം ൨൨-

തഹശീൽദാർ നാരായണപിള്ള.

വസ്തു വിവരം

കൊതമംഗലം പ്രവൃത്തിയിൽ കൊതമംഗലം കരയിൽ ൪൧൮ൽ തെങ്ങനാവള്ളിമാലി ൭൭ ൧൨ ൪൧ൽ ഒന്നുപകുതി വടക്കേതു നിലം ൫൩ പറ ൨ ക്കു പിടിക്കും വില പണം ൫൦൫ ൪ കാശാവുമാകുന്നു.

Notice regarding the opening of a market.

നമ്പർ ൩൧൫.

കൊട്ടാരക്കര താലൂക്ക കച്ചേരിയിൽ നിന്നും
പ്രസിദ്ധപ്പെടുത്തുന്ന നോട്ടീസ്

കല്ലടയിലും തൈമലത്തിനും മദ്ധ്യേ ൧൦൭൭ മതിൽക്കാറിക്ക സമീപം സ്ഥാപിക്കുന്നതിന അനുവദിച്ചിട്ടുള്ള ചന്തയെ ഈ വരുന്ന മകരമാസം ൧൫-നു മുതൽ നടപ്പാക്കുന്നതും ആഴ്ചതോറും ബുധനാഴ്ച ദിവസത്തിൽ മാത്രം ഈ ചന്ത ഉണ്ടായിരിക്കുന്നതുമാകുന്നു എന്ന

൧൦൭൮ ധനുമാസം ൨൦-നു

തഹശീൽദാർ രാമസ്വാമി അയ്യൻ.

Notices of unclaimed properties.

൩൩൧൦.

അഗസ്തീശ്വരം താലൂക്ക കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

വൈകാശിമാസത്തെ പെട്ടകത്തിട്ടം കണക്കിൽ താലൂക്ക ഉടമക്കാർക്ക ൧൦൭൦ മാണ്ടു മുതൽ ൧൦൭൨ മാണ്ടു വരെ ൩൬൪ അരയ്ക്കാൽ മക്കാമാകാണി പണം അനാമത്തു ഇരിപ്പെഴുതി വരുന്നതായി കണ്ടു തിട്ടം വരുത്തിച്ചതിൽ ഈ വക പണം ൧൦൭൦ മാണ്ടു മുതൽ ൧൦൭൨ മാണ്ടു വരെ ചിലവു കഴിച്ചു ഇരിപ്പുള്ളതാണെന്നും ഇന്നാർക്കെല്ലാം ചെല്ലേണ്ടതാണെന്നുള്ള വിവരം അറിവാൻ എളുപ്പവും പണം കിട്ടേണ്ടതിനെപ്പറ്റി ആരും അപേക്ഷിച്ചിട്ടും ഇല്ലെന്നും കാണുന്നു.

ഈ സ്ഥിതിക്ക ഈ പണം ചെല്ലേണ്ട ആളുകൾ ഉണ്ടായിരുന്നാൽ ഈ പരസ്യം ചെയ്യുന്ന നാൾ മുതൽ ൩൦ ദിവസത്തിനകം ഈ കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചു തെളിവു കൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം അനാമത്തു ഇരിപ്പുള്ള പണത്തിനെ ഗവർമ്മെണ്ടിലേക്ക സഞ്ചായമായി മുതൽ കൂട്ടുന്നതും ആകുന്നു എന്ന

൧൦൭൮ മാണ്ടു ധനുമാസം ൭-നു

ആ. തഹശീൽദാർ നാരായണപിള്ള.

നമ്പർ ൩൩൧൨.

അഗസ്തീശ്വരം താലൂക്ക കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧൦൭൩ മാണ്ടു വൈകാശിമാസത്തെ പെട്ടക കണക്കിൽ സുബ്രഹ്മണ്യയ്യർ രാമയ്യർ മുതൽപേർക്ക കൊടുപ്പാൻ ഏഴകരം ദേവസ്വം ശ്രീകാര്യക്കാരായിരുന്ന വെങ്കിടേശ്വരയ്യരെക്കൊണ്ടു കെട്ടിവെപ്പിച്ചതെന്ന വിവരം പറഞ്ഞു ൨൦ അര അരയ്ക്കാൽ പണം അനാമത്തിരിപ്പുള്ളതിന്റെ തിട്ടം വരുത്തിച്ചതിൽ മേലെഴുതിയ പേരുകാരൻ മരിച്ചുപോയതായും മുതൽ പേര എന്നു പറയുന്നതു ആരെല്ലാമെന്നും എപ്പോൾ എന്തു വകക്കായി ചെല്ലേണ്ടതെന്നും അറിവാൻ എളുപ്പമില്ലെന്നും കാണുന്നു.

ഈ പണത്തിന്ന അവകാശക്കാർ ആരെങ്കിലും ഉണ്ടായിരുന്നാൽ ഈ പരസ്യം ചെയ്യുന്ന നാൾ മുതൽ ൩൦ ദിവസത്തിനകം ഈ കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചു തെളിവുകൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു അവധിക്കകം അപ്രകാരം ചെയ്യാത്തപക്ഷം അവധി കഴിഞ്ഞ ഉടനെ പണം ഗവർമ്മെണ്ടിലേക്ക സഞ്ചായമായി മുതൽ കൂട്ടുന്നതാണ്.

൧൦൭൮ മാണ്ടു ധനുമാസം ൧൫-നു

ആ. തഹശീൽദാർ നാരായണപിള്ള.

നമ്പർ ൩൩൧൪.

അഗസ്തീശ്വരം താലൂക്ക കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧൦൭൩ മാണ്ടു വൈകാശിമാസത്തെ പെട്ടകത്തിട്ടം കണക്കിൽ മയിലാടി മുതലായ സ്ഥലങ്ങളിലേക്ക പോകുന്ന റോട്ടിൽ കിടന്നു മരിച്ചുപോയവന്റെ വക ലേലത്തിൽ വിററ കച്ചിത എന്ന വിവരം പറഞ്ഞു ൧ അര അരയ്ക്കാൽ മക്കാമാകാണി പണം അനാമത്തു ഇരിപ്പെഴുതി വരുന്നതിന്റെ തിട്ടം വരുത്തിച്ചതിൽ മേലെഴുതിയ റോട്ടിൽ ഒരു പുരുഷപ്രേതം കിടന്നിരുന്നതിന്റെ ഇടുപ്പിൽ ഒരു മടിശ്ശീല ഉണ്ടായിരുന്നതിൽ ഒരു തൈപ്പിൽ ൧൦ ബ്രിട്ടീഷ രൂപായും ൩ അണയും ൧ ചക്രവും ഉണ്ടായിരുന്നതിനെ അന്വേഷിച്ചു ... അനാമത്തു ഇരിപ്പുള്ളപ്രകാരം കാണുന്നു.

ഈ പണത്തിന്ന അവകാശികൾ ആരെങ്കിലും ഉണ്ടായിരുന്നാൽ ൩൦ ദിവസത്തിനകം ഈ കച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ച തെളിവുകൊടുത്തു പണം വാങ്ങിച്ചുകൊള്ളെണ്ടതാകുന്നു അവധിക്കകം അപ്രകാരം ചെയ്യാത്തപക്ഷം അനാമത്തു ഇരിപ്പുള്ള പണത്തിനെ ഗവൎമ്മെണ്ടിലെക്ക സഞ്ചായമായി മുതൽ കൂട്ടുന്നതാണ്.

൧൦൭൩ാമാണ്ട ധനമാസം ൨൨-

ആ. തഹശിൽദാർ നാരായണപിള്ള.

൭൧൭൫.

അഗസ്തീശ്വരം താലൂക്ക കച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧൦൭൨ാമാണ്ട വൈകാശിമാസത്തെ പെട്ടകത്തിട്ടം കണക്കിൽ ശുചീന്ദ്രം ലാടർ ചാവടിയിൽ കിടന്നു മരിച്ചുപൊയ ഗൊസായിയുടെ വക ശുചീന്ദ്രം പാൎവ്വത്യകാർ മുഖാന്തിരം വരവുവന്ന വിവരം പറഞ്ഞു ൨൭ രൂപ മുക്കാലെ മുണ്ടാണി പണം അനാമത്തിരിപ്പ എഴുതിവരുന്നതായി കണ്ടു തിട്ടം വരുത്തിച്ചതിൽ ഈ പണം തീൎത്ഥയാത്രക്കായി കിഴക്ക നിന്നും വന്നതിൽ ഒരു ഗൊസായി ശുചീന്ദ്രം ലാടർ ചാവടിയിൽ കിടന്നു മരിച്ചുപൊയവന്റെ വകയെന്നും ൧൦൭൧ാമാണ്ട കാൎത്തികമാസം ൨൫-ന്നു വന്ന അനാമത്തിരിക്കയാണെന്നും കാണപ്പെടുന്നു.

ഈ പണത്തിന്ന അവകാശികൾ ആരെങ്കിലും ഉണ്ടായിരുന്നാൽ ഈ പരസ്യം ചെയ്യുന്ന നാൾ മുതൽ ൩൦ ദിവസത്തിനകം ഈ കച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ച തെളിവുകൊടുത്തു പണം വാങ്ങിച്ചുകൊള്ളെണ്ടതാണ അവധിക്കകം അപ്രകാരം ചെയ്യാത്തപക്ഷം അവധി കഴിഞ്ഞ ഉടനെ അനാമത്തു ഇരിപ്പുള്ള പണം ഗവൎമ്മെണ്ടിലെക്ക സഞ്ചായമായ മുതൽ കൂട്ടുന്നതാകുന്നു എന്ന

൧൦൭൩ാമാണ്ട ധനമാസം ൭൩-

ആ. തഹശിൽദാർ നാരായണപിള്ള.

നമ്പർ ൭൧൭൬,

അഗസ്തീശ്വരം താലൂക്ക കച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

വൈകാശിമാസത്തെ പെട്ടകത്തിട്ടം കണക്കിൽ കൃഷ്ണൻകൊവിൽ പറക്കെ ഈ ദെവസ്വത്തിൽ മുതൽപിടി നടന്ന ധൎമ്മരാജയ്യന്റെ ചെയ്മണി ചിലവുപതിഞ്ഞ വകയിൽ പൊരുതിരിക്കെന്ന വിവരം പറഞ്ഞ ൧൦൯ കാശ പണം അനാമത്തു ഇരിപ്പ എഴുതിവരുന്നതിന്റെ തിട്ടം വരുത്തിച്ചതിൽ ഈ വകയിൽ ൭൯ാമാണ്ട വൈകാശിമാസത്തെ പെട്ടക കണക്കുപ്രകാരം ൧൦൯ കാശ പണം ഇരിപ്പുണ്ടായിരുന്നതിൽ ൯൯ കാശ പണം ചിലവ വന്നതു നിക്കി ശ്രീപാദക്കൂലി മുതൽ കൂലി വകക്ക കെട്ടുവിക്കാൎക്ക ൭-ം പറക്കപിടാകക്കാൎക്ക ചന്ദനം വകക്ക ൩൩-ം ഇതിന്നും ൧൦ പണം പൊരുതി വകക്ക അനാമത്തു ഇരിക്കുന്നതായും പിടാകക്കാർ അഴിയന്തിരത്തിന ഹാജരായിട്ടും കെട്ടുവിക്കാർ എന്ന പറഞ്ഞിട്ടുള്ളതു ആരെല്ലാമെന്നു അറിവാൻ മാൎഗ്ഗം ഇല്ലെന്നും കാണുന്നു.

ഈ സ്ഥിതിക്ക ഈ പണം ചൊദിപ്പാൻ ആളുകൾ ഉണ്ടായിരുന്നാൽ ഈ പരസ്യം ചെയ്യുന്ന നാൾ മുതൽ ൩൦ ദിവസത്തിനകം ഈ കച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ച തെളിവു കൊടുത്തു പണം വാങ്ങിച്ചുകൊള്ളെണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം അനാമത്തു ഇരിപ്പുള്ള പണത്തിനെ ഗവൎമ്മെണ്ടിലെക്ക സഞ്ചായമായി മുതൽ കൂട്ടുന്നതും ആകുന്നു എന്ന

൧൦൭൩ാമാണ്ട ധനമാസം ൭൩-

ആ. തഹശിൽദാർ നാരായണപിള്ള.

നമ്പർ ൩൧൭

൭൩ ധനു ൨൩-

ചെൎത്തല താലൂക്ക കച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ചെൎത്തല പകുതിയിൽ കിഴക്കെ ഭാഗമുള്ള കളിത്തട്ടിൽ നിന്നും ഈ മാസം ൧൭-ന്നു ചെൎത്തല പൊലീസ്സ ഠാണാ കൃഷ്ണൻ കുട്ടി എന്നവൻ എടുത്തു ഹെഡ്കൊണിസ്റ്റബിളിനെ റിപ്പൊൎട്ട സഹിതം ഹാജരാക്കീട്ടുള്ള കാശ താലൂക്ക ഖജാനാവിൽ വെപ്പിച്ചിരിക്കുന്നു. ഇതിലെക്ക അവകാശികൾ ഉണ്ടായിരുന്നാൽ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന മുതൽ ൩൦ ദിവസത്തിനകം ഈ കച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ചുകൊള്ളെണ്ടതും ഇല്ലാഞ്ഞാൽ അവധി കഴിഞ്ഞ ഉടനെ ലേലത്തിൽ വിറ്റ് ഉണ്ടാകുന്ന പണം മുതൽ കൂട്ടുന്നതായിരിക്കും.

ഡെപ്യൂട്ടിതഹശിൽദാർ ശിവസു ബ്രഹ്മണ്യസ്വാമിരായർ.

Notice of auction sale of certain articles.

൩൭൯.

വിളവംകോട്ടു താലൂക്ക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തൃവിക്രമപുരം ക്ഷെത്രത്തിലെ ഊട്ടുപുര പൊളിഞ്ഞുപോയിട്ടുള്ളതിലെ സാമാനങ്ങൾ ൟ വരുന്ന കുംഭമാസം ൨൧൹-യും ൨൨൹-യും ആ സ്ഥലത്തു വച്ചു ൟ കച്ചേരിയിൽ നിന്നും ലേലത്തിൽ കൂടുതൽ തുകക്കു വില്പിപ്പാൻ നിശ്ചയിച്ചിരിക്കയും ആ വക സാമാനങ്ങളുടെ വിവരം ഇതിനടിയിൽ ചേർക്കയും ചെയ്തിരിക്കുന്നതാകകൊണ്ടു ലേലത്തിൽ വാങ്ങിപ്പാൻ മനസ്സുള്ളവർ ആ ദിവസങ്ങളിൽ ഹാജരായി ലേലത്തിൽ പിടിച്ചുകൊള്ളേണ്ടതും ലേലം വക പണം ഒടുക്കി തീർത്തു അനുവാദത്തോടുകൂടി സാമാനങ്ങൾ കൊണ്ടുപോയിക്കൊള്ളാവുന്നതും ആകുന്നു. ലേലം സ്ഥിരപ്പെട്ട ആളുകൾ അതുപോലെ ശരിയായി നടക്കാതെ രണ്ടാമതു ലേലത്തിന്നൊരിവച്ചു നഷ്ടങ്ങൾക്കൊ ഇടയാക്കിയാൽ അതിനു ആ വിളിക്കാറരു ഉത്തരവാദികളായിതീരുന്നതാണു. ലാഭം ഉണ്ടായാൽ അതിനു അവകാശപ്പെടുന്നതല്ലാത്തതും ആകുന്നു എന്ന

൧൦൭൮-ാമാണ്ടു വൃശ്ചികമാസം ൩൦൹ തഹശീൽദാർ അനന്തരാമൻ പിള്ള.

സാമാനങ്ങളുടെ വിവരം.

പലം കഴക്കോൽ ൬൦ കു കഴക്കോൽ ഒന്നുക്കു കൊൽ ൪ വീതം കൊൽ ൨൪൦ കു വില പണം ൧൫.

ചെറിയ കഴക്കോൽ ൪കു കഴക്കോൽ ൧കു കൊൽ ൧ വീതം കൊൽ ൪കു പണം കാൽ.

വാവട തുണ്ടം ൧൦ കു കൊൽ ൪൦ കു പണം ൨.

മല്ലു പുകു കൊൽ ൨൪കു പണം ൩അര.

നെടിയതു ൪കു നെടിയതു ൧കു കൊൽ ൬ വീതം കൊൽ ൬൬കു പണം ൧൨.

കറിയതു ൩കു കൊൽ ൧൨കു പണം ൩.

മൊന്തായം ൨കു കൊൽ ൧൨കു പണം ൧അര.

കട്ടള ൧കു നെടിയതു കൊൽ ൬കു വില പണം ൧.

കറിയതു ൨കു കൊൽ ൨കു പണം അരക്കാൽ.

തൂൺ ൧കു കൊൽ ൩കു പണം അര.

ആകെ എണ്ണം ൩൭കു പണം ൩൨മുക്കാലെ അരക്കാൽ.

നമ്പർ ൧൭൨൩.

മൂവാററുപുഴ താലൂക്ക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു

ഐശ്വര്യ ദോഷം ഇല്ലാത്ത മൂവാററുപുഴ രാമമംഗലത്തു ശിവക്ഷേത്രത്തിന്റെ വെലിക്കല്പുരയിലെ ആഴികളും ഉത്തരം മുതലായതും പഴക്കത്താൽ വീണുപോകയാൽ അതുകൾ എടുപ്പിച്ചു സൂക്ഷിപ്പിച്ചിരിക്കുന്നതായും പണിക്കു കൊള്ളുന്നതല്ലായ്കയാൽ ലേലത്തിൽ വില്പിക്കുന്നതിനു വിലവച്ചു കണക്കു അയച്ചും മൂവാററുപുഴ പാർവത്യകാറരുടെ റിപ്പോർട്ട് വന്നതയച്ചുഎഴുതി ബോധിപ്പിച്ചിരുന്നതിനു ലേലത്തിൽ വില്പിക്കുന്നതിനു മുറക്കു പരസ്യം തയ്യാറാക്കി അയച്ചു റിപ്പോർട്ട് ചെയ്യേണമെന്നു ൧൩൨൪-ാമതു നമ്പരിൽ ൟ മാസം ൧൦൹-എഴുതിയ ഉത്തരവു വന്നിരിക്കകൊണ്ടു താഴെ വിവരം പറയുന്ന ഉരുപ്പടികൾ ൟ വരുന്ന മകരമാസം ൨൭൹ രാമമംഗലത്തു ക്ഷേത്രത്തിൽ വച്ചു ലേലം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു. വിളികേൾപ്പാൻ മനസ്സുള്ളവർ ഹാജരായി കൂടുതൽ വിളികേൾക്കാവുന്നതും അങ്ങിനെ വിളികേൾക്കുന്നവരുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും ആകുന്നു. ലേലത്തിൽ വിളികേൾക്കുന്ന ആളുകൾ ലേല സംഖ്യയിൽ മുന്നിൽ ൧ ഡെമൺഡു ഉടനെയും ശേഷം സംഖ്യ ഉത്തരവു വന്നു തെര്യപ്പെടുത്തുമ്പോഴും കെട്ടിവക്കേണ്ടതാണു. അങ്ങനെ ചെയ്യാതെ വീണ്ടും ആവർത്തിച്ചു ലേലത്തിനു ഇടയാക്കിയാൽ അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിന്നു ആദ്യ ലേലക്കാറൻ ഉത്തരവാദിയും കൂടുതൽ വന്നാൽ ആയാൾക്കു അതിന്മേൽ അവകാശം ഇല്ലാത്തതും ആകുന്നു.

൧൦൭൮ ധനു ൨൪൹ തഹശീൽദാർ നാരായണപിള്ള.

ഉരുപ്പടി വിവരം പട്ടിക

ഒന്നാൽ നമ്പർ	ജിനു വിവരം	ഉരുപ്പടിയുടെ			എണ്ണം	വിലപണം	ഇന്ന വകയിൽ ഉള്ളതെന്നു
		നീളം	വീതി	ഘനം			
൧	കതക	൩ കാൽ	൧൪	൧അര	൧	൩അര	ക്ഷേത്രം
൨	ആഴിക്കാൽ	൨	൫	൧അര	൪	൩	
൩	ആഴി	൬ അര	൨ കാൽ	മുക്കാൽ	൬	മുക്കാൽ	
൪	ഉത്തരം	൬॥	൫	൨അര	൨	൪	
൫	പലക	൬	൭	൧	൨	൧അര	
൬	കട്ടിളക്കാൽ	൨	൭	൩	൨	൩	

ഹൈക്കൊട്ടിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ.

മുവാററുപുഴ മുൻസിപ്പിൽ തീൎപ്പുപ്രകാരവും മററും കക്ഷികൾ മുതലായവർ കെട്ടിവച്ചിരിപ്പുള്ളതും ഒരു രൂപായ്ക്കു മെല്പെട്ടതുമായ അനാമത്തു പണങ്ങളിൽ ആയ്തു കെട്ടിവച്ചു മൂന്നു വൎഷത്തിൽ മെലായ വകകൾ ലീസ്തു എഴുതിച്ചു താഴെ ചെൎത്തിരിക്കുന്നു:

ലീസ്തിൽ പറയുന്നതു പൊലെയുള്ള പണങ്ങളെ വാങ്ങിക്കുന്നതിനു അവകാശമുള്ള കക്ഷികളൊ അവരുടെ ന്യായമായ അവകാശികളൊ ഗസെററിൽ പരസ്യം ചെയ്യുന്ന തീയതി മുതൽ മൂന്നു മാസത്തിനകം ഈ കൊട്ടിൽ അപെക്ഷിച്ചു വാങ്ങിച്ചു കൊള്ളെണ്ടതാകുന്നു.

ആ അവധിക്കകം അപെക്ഷിക്കാതെ ഇരിപ്പു വരുന്ന പണങ്ങളെ സക്കാരിലെക്കു ചെൎക്കുന്നതാണ.

മുതൽ വന്ന തീയതി	വ്യവഹാരത്തിലെ ആണ്ടും നമ്പരും	പണം കെട്ടിവച്ചവന്റെ പെരു വിവരം	ഇരിപ്പു തുക		
			പണം	ച	ക.
൧൦൭൯ തുലാം ൩൧൹	൧൦൭൪ാമാണ്ടു സി. ൭൯	പ്രതി തൊടുപുഴ പ്രവൃത്തിയിൽ ടി മറിയിൽ കന്നംപുറത്തു മഠത്തിൽ അപ്പാത്തുരയ്യൻ രാമയ്യൻ	൩൧	൨	...
ടി ധനു ൩൹	൧൦൭൪ാമാണ്ടു സി. ൧൧൨	വാദി കുന്നത്തുനാട്ടുകരം പ്രവൃത്തി എടയാറകര പെരുമററത്തിൽ നിന്നും തെക്കെ പുത്തൻ പുരയിൽ വക്കി ഉലഹന്നാൻ വെണ്ടി ആണ്ടൻ നീലകണ്ഠയ്യൻ	൨൨	൩	...
ടി ടി ൨൹	൧൦൭൯ാമാണ്ടു സി. ൧൧൨	വാദി പെരുമ്പാവൂർ പ്രവൃത്തി വെങ്ങൊലകര മല്ലിയത്തു പറമ്പിൽ വക്കി ഉതുപ്പ്	൩൯	൩	൧

൧൦൭൮ാമാണ്ടു മകരമാസം ൭൹

ഉത്തരവുംപ്രകാരം,
പി. സി. വള്ളിനായകംപിള്ള.
ഹൈക്കൊട്ടു രജിസ്ട്രാർ.

NOTICE.

It is hereby notified that a bi-weekly Dispensary for the treatment of all classes of disease has been opened at Attengal from the $\frac{\text{30th December 1902}}{\text{15th Dhanu 1078}}$ and that the Dispensary will be held by the Medical Officer, in charge of the Chirayinkil District Dispensary, every Tuesday and Friday.

Dispensary hours... ... ... 2 P. M.—6 P. M.

Durbar Physician's Office,
Trivandrum, 10th January 1903.

E. POONEN,
Surgeon, in charge.

പരസ്യം.

൧൯൦൨ാം വൎഷം ഡിസെംബർ മാസം ൩൦൹ക്കു ൧൦൭൮ാമാണ്ടു ധനുമാസം ൧൫൹ മുതൽ ആററിങ്ങൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം എല്ലാ രൊഗങ്ങളെയും ചികിത്സിക്കുന്നതായ ഒരു ഡിസ്പെൻസറി തുറക്കപ്പെട്ടിരിക്കുന്നു. എല്ലാ ചൊവ്വാഴ്ച, വെള്ളിയാഴ്ച, ദിവസങ്ങളിൽ ഉച്ചതിരിഞ്ഞു ൨ മണി മുതൽ ൬ മണി വരെ ചിറയിൻകീഴ് ഡിസ്ട്രിക്ട് ആശുപത്രി മെഡിക്കൽ ആഫീസർ ഡിസ്പെൻസറി നടത്തുന്നതാകുന്നു എന്നു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ദർബാർ ഫിസിഷ്യൻസ് ആഫീസ്,
തിരുവനന്തപുരം,
൧൦൭൮ ധനു ൨൭൹.

ഇ. പൂനൻ,
സർജൻ ഇൻചാൎജ

പറവൂർ സബ്ബ രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്യുതിലൊ നിഷേധിച്ചതിലൊ ചോദിക്കാതെകിടപ്പുള്ള ആധാരങ്ങളുടെ വകക്ക
൧൦൭൭ മാണ്ടു ഉണ്ടായിട്ടുള്ള റൂലസ്സ ൩൩ ാം വകുപ്പനുസരിച്ചു എഴുതിയ ലിസ്റ്റ

ആധാരം ഹാജരാക്കിയ			ആധാരം രജിസ്റ്റർ ചെയ്കയൊ നിഷേധിക്കയൊ ചെയ്തു				ആധാരം രജിസ്റ്റർ ചെയ്യപ്പെട്ടതൊ നിഷേധിച്ചതൊ എന്നു	ആധാരം എഴുതിക്കൊടുത്ത ആളുകളുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ ആളുകളുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ ആളുകളുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട	മാസം	തീയതി	ആണ്ട	മാസം	തീയതി	നമ്പ്ര					
൧൦൭൭	കർക്കടകം	൨൯	൧൦൭൭	കർക്കടകം	൨൯	൩൧൯൮		വടക്കേക്കര പ്രവൃത്തിയിൽ ചിററാററുകര മുറിയിൽ പാലത്തുംകൽ പാക്കം മാളിക്കൽ അവുസേപ്പ അയ്യു	വടക്കേക്കര പ്രവൃത്തിയിൽ പുയപ്പിള്ളിമുറിയിൽ ചാത്തനാത്തറ കൊരൻ കൊച്ചിററാമൻ	ടി അവുസേപ്പ അയ്യു	ചിററാററുകര മുറിയിൽ പണ്ടാരവക അട്ടിമ വടക്കൊരാട്ടു പുരയിടവും വൃക്ഷങ്ങളും കടം കൊല്ലത്തൊക്ക നൂറ ബ്രിട്ടീഷ രൂപാ പാട്ടത്തിനൊററികൊടുത്തു എന്നു
൧൦൭൭	ചിങ്ങം	൭	൧൦൭൭	ചിങ്ങം	൭	൧൬൨	രജിസ്റ്റർചെയ്തു	ടി പ്രവൃത്തിയിൽ മന്നം മുറിയിൽ വടക്കെ വീട്ടിൽ ചീക്ക വരെസ്സാൻ മുതൽ പേര	കൊട്ടങ്ങല്ലൂര നാട്ടകത്തു അഴീക്കൊട്ട മുറിയിൽ നാംവൻപുരി മഠത്തിൽ കൊച്ചുകുഞ്ഞാലി മകൻ സെയ്യതു മുതൽപേര	ടി ചീക്ക വരെസ്സിയൊ	മന്നം മുറിയിൽ കണ്ടകപ്പാട്ടം ൧൦ ാം നമ്പ്ര അഴിക്കത്തു പുരയിടത്തിൽ ഒരുഭാഗം പറമ്പുമലെ പണയബാദ്ധ്യതയിൽ ൧൫൦ രൂപായിടെ ബാദ്ധ്യത ഒഴിഞ്ഞിരിക്കുന്നു എന്നു
ടി	ടി	൭	ടി	ടി	൭	൧൬൭		പുത്തൻവേലിക്കര പ്രവൃത്തിയിൽ പടിഞ്ഞാററെ പുലിയാറുമന്ന കരയിൽ കപ്ലാപ്പിള്ളി മാണിയുടെ ഭാര്യ അന്ന	ചെന്നമംഗലത്ത കിഴക്കുംപ്രം മുറിയിൽ പുല്ലപ്പിള്ളി വീട്ടിൽ ശങ്കരൻ നാരായണമെനൊൻ	ടി ശങ്കരൻ നാരായണമെനൊൻ	പടിഞ്ഞാററെ പുലിയാറുമന്ന കരയിൽ കണ്ടകപ്പാട്ടം കപ്ലാപ്പിള്ളി പുരയിടത്തിൽ ഒരുഭാഗം പറമ്പും ആററുപുറവും പണയപ്പെടുത്തി ൧൫൦ ബ്രിട്ടീഷ രൂപാ പണയമായി വാങ്ങിയിരിക്കുന്നു എന്നു

൧൦൭൭ മാണ്ടു കന്നിമാസം ൨൭ ാം-

സബ്ബ രജിസ്ട്രാർ കൃഷ്ണപിള്ള.

പറവൂർ സബ്ബ രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്യുതിലും നിഷേധിച്ചതിലും ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ വകകൾ
൧൦൭൪-ാമാണ്ടത്തെ ൩൦-ാം നമ്പ്ര വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ച് എഴുതിയ ലിസ്റ്റ്.

ആധാരം ഹാജരാക്കിയ			ആധാരം രജിസ്റ്റർ ചെയ്തതൊ നിഷേധിക്കയൊ ചെയ്ത				ആധാരം രജിസ്റ്റർ ചെയ്തതൊ നിഷേധിച്ചതൊ എന്നു	ആധാരം എഴുതികൊടുത്ത കക്ഷിയുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട	മാസം	തീയതി	ആണ്ട	മാസം	തീയതി	നമ്പർ					
൧൦൭൪	ചിങ്ങം	൧൩	൧൦൭൪	ചിങ്ങം	൧൩	൭	രജിസ്റ്റർ ചെയ്തു	പള്ളിപ്പുറം പ്രവൃത്തിയിൽ പള്ളിപ്പുറം മുറിയിൽ കൊട്ടപ്പുറമ്പിൽ അന്തിര മകൻ വൈശ്യൻ	വടക്കേക്കര പ്രവൃത്തിയിൽ മൂത്തകുന്നം മുറിയിൽ പടമാട്ടുമ്മൽ വറിയതു മകൻ ജൊസഫ് മുതലാപേർ	ടി അന്തിര മകൻ വൈശ്യൻ	൧൨൫ രൂപായുടെ കടത്തിനു പലിശ ഉ൪ രൂപായ്ക്കു കൊടുത്തിരിക്കുന്നു എന്നു
	ടി	൧൭		ടി	൧൭	൧൪൭		ഏടപ്പള്ളി വടക്കുംഭാഗം പ്രവൃത്തിയിൽ ചുററപാടു കരയിൽ ഒല്ലൂവീട്ടിൽ കെശവൻ കൃഷ്ണമെനൊൻ	ടി പ്രവൃത്തിയിൽ വടക്കുംഭാഗം കരയിൽ വട്ടക്കാട്ട് വീട്ടിൽ ലക്ഷ്മിഅമ്മ മകൾ ലക്ഷ്മിഅമ്മ	ടി കെശവൻ കൃഷ്ണമെനൊൻ	ചുററപാടു കരയിൽ പടിഞ്ഞാറെ തുശാരിപറമ്പു മുതലായവസ്തുക്കളെ പണയപ്പെടുത്തി ൩൦ ഉറുപ്പിക പ്രകാരം പണയത്തിന്മേൽ വാങ്ങിയിരിക്കുന്നു എന്നു
	ടി	൧൯		ടി	൧൯	൧൬൭		ഏടപ്പള്ളി തെക്കുംഭാഗം പ്രവൃത്തിയിൽ എളമക്കര കരയിൽ ഓടച്ചന ജനാർദ്ദനക്കമ്മത്തി കൃഷ്ണ കമ്മത്തി മുതൽപേർ	ഏടപ്പള്ളി വടക്കുംഭാഗം പ്രവൃത്തിയിൽ ചുററപാടു കരയിൽ ഏടക്കാട്ടു വീട്ടിൽ ശങ്കരപ്പിള്ളയുടെ അനന്തിരവൻ കൃഷ്ണപിള്ള	ടി ജനാർദ്ദനക്കമ്മത്തി കൃഷ്ണക്കമ്മത്തി	എളമക്കര കരയിൽ ലക്കം തിട്ടിൽപ്പാ അകത്തുട്ട കൊയിക്കാട്ടും വക അനന്തഭാഗം തൊഴത്താര നിലം ൨൦ പറയും വിളവു സഹിതം ൧൨൦൦ ബ്രിട്ടീഷ് രൂപായ്ക്കു കൊഴുവിക്കും പണയം എഴുതികൊടുത്തിരിക്കുന്നു എന്നു

൧൦൭൪ -മാണ്ട കന്നിമാസം ൧൪നു-

സബ്ബ രജിസ്ട്രാർ കൃഷ്ണപിള്ള.

ചെറമാട്ട സബ്ബ രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തതിലും നിഷേധിച്ചതിലും ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ ലിസ്റ്റ് ൧൦൭൭ാമാണ്ടത്തെ ൩൦ാം നമ്പ്രാം വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ചു എഴുതിയ ലിസ്റ്റ്.

ആധാരം ഹാജരാക്കിയ			രജിസ്റ്റർ ചെയ്കയോ നിഷേധിക്കയോ ചെയ്ത				ആധാരം രജിസ്റ്റർ ചെയ്കയോ നിഷേധിക്കയോ ചെയ്തു എന്നു	ആധാരം എഴുതിക്കൊടുത്ത കക്ഷിയുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട്	മാസം	തീയതി	ആണ്ട്	മാസം	തീയതി	നമ്പർ					
൧൦൭൭	ഇടവം	൨൦	൧൦൭൬	വൃശ്ചികം	൩	൭൩൭	രജിസ്റ്റർ ചെയ്തു	ബ്രിട്ടീഷ് മലകരം ഊരിൽ ടി ഗ്രാമത്തിൽ രാമകൃഷ്ണയ്യർ സ്ത്രീ ഭഗവതി അമ്മാൾ	ടി ഗ്രാമത്തിൽ രാമകൃഷ്ണയ്യൻ സുബ്ബയ്യൻ	ടി രാമകൃഷ്ണയ്യൻ സുബ്ബയ്യൻ	ചെറമാട്ടുദേശത്തിൽ ചെറമാട്ടകളപ്പുരവീട്ടിൽ പെരിയകരപ്പ്പാ [illegible] എന്നു

൧൦൭൮ ധനുമാസം ൧൦൩-

ഫ്ലേഡ് സബ്ബ് രജിസ്ട്രാർ [illegible].

ചാത്തനൂർ സബ് രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തതിലും നിഷേധിച്ചതിലും ചോദിക്കാതെകിടപ്പുള്ള ആധാരത്തിൻെറ വകക്ക
൧൦൯൭-ാമാണ്ടത്തെ ൧൮-ാം നമ്പർ വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ച എഴുതിയ ലിസ്റ്റ്.

ആധാരം എഴുതിയ ആണ്ട്	ആധാരം എഴുതിയ മാസം	ആധാരം എഴുതിയ തീയതി	രജിസ്റ്റർചെയ്തതോ നിഷേധിച്ചതോ ചെയ്ത ആണ്ട്	മാസം	തീയതി	നമ്പർ	രജിസ്റ്റർ ചെയ്തതോ നിഷേധിച്ചതോ എന്ന്	ആധാരം എഴുതി കൊടുത്ത ആളുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ ആളുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ ആളുടെ പേരും വിവരവും	ആധാരത്തിൻെറ ചുരുക്കം
൧൦൯൭	തുലാം	൨൦	൧൦൯൭	തുലാം	൨൦	൩൫൯൯	രജിസ്റ്റർചെയ്തു	ആദിച്ചനല്ലൂർപ്രവൃത്തിയിൽ ടി ചെറിയിൽ കിടിത്തട്ടിൽ നിന്നും വെളിയം പ്രവൃത്തിയിൽ ഓടനാവട്ടം മറിയിൽ കാരപ്പാട്ടു പുരയിടത്തിൽ കൊച്ചുകത്തു ഉമ്മച്ചൻെറയും കൊച്ചുകത്തു കൊശിയുടെയും രക്ഷകർത്താ എലിയാ മറിയ	ആദിച്ചനല്ലൂർപ്രവൃത്തിയിൽ ടി ചെറിയിൽ കിടിത്തട്ടിൽ വറിയതു ചാക്കൊ	എഴുതിവാങ്ങിയ വറിതു ചാക്കൊ	ആദിച്ചനല്ലൂർപ്രവൃത്തിയിൽ ടി ചെറിയിൽ പണ്ടാരവക കുടിജന്മം ൧൫ ൽ കിടിത്തട്ടിൽ പുരയിടം മുറി ൧ ൨ ൧൦൦ പണം പററിയുംകൊണ്ട എഴുതികൊടുത്ത അവകാശപററുകരി
		൨൫			൨൫	൩൪൭൩		ആദിച്ചനല്ലൂർപ്രവൃത്തിയിൽ ടി ചെറിയിൽ കിഴക്കെ പാലവിളയിൽ കുമരകമര	പരവൂരധികാരത്തിൽ ചാത്തന്നൂ മാമ്പള്ളിക്കുന്നത്തു ചെറിയിൽ പുത്തൻവീട്ടിൽ കൊശി കത്തനാരു കുഞ്ഞാണ്ടി	എഴുതിവാങ്ങിയ കൊശി കത്തനാരു കുഞ്ഞാണ്ടി	ആദിച്ചനല്ലൂർപ്രവൃത്തിയിൽ ടി ചെറിയിൽ ഉമയനല്ലൂർ ദേവസ്വം കാണപ്പാട്ടം ൧൬ ൽ തടി ൩ നിലം ൩ പറയും നിലപിരിവും കൂടി ൩൦൦ പണം പററി എഴുതികൊടുത്ത ഒഴിവുകരി
	ഇടവം	൨൭			൨൨	൩൪൭൭		കൊല്ലം അധികാരത്തിൽ വല്യകടചെരിയിൽ കുരമ്പിലെതൊട്ടത്തു അയ്യപ്പൻമാതേവ	ഇരവിപുരം അധികാരത്തിൽ വടക്കെവിള ചെരിയിൽ പാട്ടത്തിൽ വീട്ടിൽ കണക്ക നാരായണൻ കുഞ്ഞൻ മതൽപെര	എഴുതിവാങ്ങിയതിൽ പാട്ടത്തിൽ വീട്ടിൽ കണക്ക നാരായണൻ കെശവൻ	ഇരവിപുരം അധികാരത്തിൽ വടക്കെവിള ചെറിയിൽ ജന്മം തടി ൧ നിലം ൧ പറ ൨ ം നിലപിരിവുംകൂടി ൨൦൦ പണത്തിനു എഴുതികൊടുത്ത ഒഴിവുകരി
		൨൭			൨൨	൩൪൮൦		ഇരവിപുരം അധികാരത്തിൽ തെക്കെവിള ചെരിയിൽ പള്ളിയിൽ തെവൻ പപ്പ	ടി	ടി	ഇരവിപുരം അധികാരത്തിൽ വടക്കെവിള ചെരിയിൽ ജന്മം തടി ൨ നിലം ൧ പറ ൮ കൂ ൨൨൫ പണത്തിനു എഴുതിയ ഒഴിവുകരി

൧൦൯൭-ാമാണ്ടു വൃശ്ചികമാസം ൨൭-ാം

ആക്ടിംഗ് സബ്ബ രജിസ്ട്രാർ ഗണപതിഅയ്യൻ,

Private Advertisement.

പരസ്യം

ചെൎത്തല മുൻസിപ്പു കൊട്ടിൽ ൧൦൭൯ൽ സിവിൽ നമ്പർ ൭൩൩.

വാദി

ചെൎത്തല തെക്കും മുറിയിൽ വിളവംകാട്ടു അയ്യൻ അയ്യപ്പൻ മരിക്കയാൽ അവകാശി ടി യിൽ അയ്യൻ അയ്യൻ കണ്ടു

മെഡൊവർകാരൻ

ചെൎത്തല വടക്കുംമുറിയിൽ കൊഴിക്കര അന്തൊനി കൊച്ചുവക്കി

പ്രതികൾ

ചെൎത്തല തെക്കുംമുറിയിൽ പടിഞ്ഞാറെ കൊവിലകത്തു രാമൻ പരമെശ്വരൻ മരിച്ചു

൨. ടി യിൽ ശങ്കരൻ പത്മനാഭൻ ൧ാംപ്രതിയുടെ അവകാശി കൂടതൽ ൩. ടിയിൽ രാമൻ കണ്ടൻ.

മെൽ നമ്പരിൽ തന്നെ വാദി സ്ഥാനത്തു കക്ഷിചെൎന്നു വിധിനടത്തിക്കൊടുക്കണമെന്നു മെഡൊവർകാരൻ അപെക്ഷിച്ചു നൊട്ടീസ അയച്ചതിൽ ൨ാംപ്രതി തിരുവനന്തപുരം പൊയിരിക്കുന്നതായി നൊട്ടീസ മടങ്ങിവന്നിരിക്കുന്നു. ടിയാൻ ഇതുവരെ തിരിച്ചുവന്നിട്ടില്ലാത്തതുമിരിക്കുന്നു അതിനാൽ മെഡൊവർകാരന്റെ അപെക്ഷപ്രകാരം വിധിനടത്തിക്കൊടുക്കുന്നതിൽ ൨ാംപ്രതിക്കു വല്ല ആക്ഷെപവും ഉണ്ടെങ്കിൽ ഒരം വരുന്ന മകരമാസം ൨൩൹ക്കകം ഹാജരായി ബൊധിപ്പിച്ചുകൊള്ളെണ്ടതാകുന്നു ൧൦൭൮ാമാണ്ടു ധനുമാസം ൨൭൹

മുനസിപ്പു എൻ. രാമചന്ദ്രയ്യർ.

പരസ്യം

കൊല്ലം മുൻസിപ്പുകൊട്ടിൽ ൧൦൭൭ാമാണ്ടു സിവിൽനമ്പർ ൧൨൩൯.

വാദി

കൊല്ലം ആശ്രാമത്തുചെരിയിൽ വലിയവീയത്തു റൊസ്സാദാനിയൽ

പ്രതികൾ

൧. ബൊംബെയിൽപട്ടണത്തിൽ ഗവർമ്മെന്റു കമ്പിആഫീസിൽ ജൊലിയായി ജെയിക്കബ് സൎക്കിളിൽഹെയിംസ്റൊഡിൽ പാൎക്കും റി. ഇ. ഡി. കമിൻലെസ്സ്.

൨. അനുജൻ ടിയിൽ റി. കമിൻലെസ്സ.

പ്രതികളെ തെര്യപ്പെടുത്തുന്നതു.

നിങ്ങൾക്കു ഈ കൊട്ടിൽ നിന്നും സമൻസ അയച്ചതിൽ സമൻസ കൈപ്പററാതെ മനഃപൂൎവ്വം മറഞ്ഞു നടക്കുന്നതായി വാദിവക്കീൽ ഹൎജി ബൊധിപ്പിച്ചിരിക്കുന്നു ഈ നമ്പർ ഈ മാസം ൨൩൹ വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നെദിവസം തെളിവൊടുകൂടി ഹാജരായിക്കൊള്ളെണ്ടതാകുന്നു ഹാജരാകാത്തപക്ഷം നിങ്ങളെകൂടാതെ കെസ വിസ്തരിച്ചു തീൎപ്പു ചെയ്യുന്നതാകുന്നു. ൧൦൭൮ മകരം ൭൹

ഉത്തരവിൻപ്രകാരം,

ഹെഡ ശ്രമസ്ഥാ താണുമാലയപ്പെരുമാൾപിള്ള.

പരസ്യം

കൊല്ലം മുൻസിപ്പുകൊട്ടിൽ ൧൦൭൮ സ്മാൾനമ്പർ ൭൦൯.

വാദി

ചവറമാലിഭാഗം മുറിയിൽ കൊയിപ്പുറത്തു കണ്ടു കണ്ടുരാമൻ

പ്രതി

ചവറ തെക്കുംഭാഗംമുറിയിൽ കന്നിമെൽനിന്നും മാലിഭാഗംമുറിയിൽ ആലയിൽ താമസിക്കുന്ന പത്മനാഭൻ കുഞ്ഞൻ.

ചവറപ്രവൃത്തിയിൽ മാലകിൽ തെക്കുംഭാഗത്തും നടുവത്തുചെരിയും മാലിഭാഗവും വടക്കുംഭാഗവും ഉള്ള കമ്മാളരുടെ സമുഹത്തിൽ വാദി മാനെജർ എന്നുള്ള വിലയിന്മെൽ ടി സമുഹത്തിലെക്കു പ്രതി ൧൦രൂപായ്ക്കു പണത്തിനു എഴുതികൊടുത്തിട്ടുള്ള രസീതുപ്രകാരം വാദി ഈ കെസ്സ അന്യായം കൊണ്ടുവന്നിരിക്കുന്നു വാദിയെ ടി സമുഹത്തിലെ മാനെജരായി വച്ചു ഈ കെസ്സ നടത്തുന്നതിൽ ആക്ഷെപവും ആവലാധിയും ഉണ്ടെങ്കിൽ ഈ വരുന്ന കുംഭമാസം ൩൹ പകൽ ൧൧ മണിക്കു ഈ കൊട്ടുമുമ്പാകെ ഹാജരായി ബൊധിപ്പിച്ചു കൊള്ളെണ്ടതാകുന്നു

ഉത്തരവുപ്രകാരം,

൧൦൭൮ാമാണ്ടു മകരമാസം ൭൹

ഹെഡ്ശ്രമസ്ഥാ താണുമാലയപ്പെരുമാൾപിള്ള.

TRAVANCORE
GOVERNMENT GAZETTE,
SUPPLEMENT.

Tuesday,
27th Jan. 1903.

Vol. VII.

Educational Department.

No. 4.

TABLE OF CONTENTS.

NOTICE.

In continuation of the notifications dated 24th June 1901 and 26th November 1902 and published in the Government Gazette of 2nd July 1901 and of 2nd December 1902 respectively, it is hereby notified that the Magistrates' Examination and the Police Inspector's Test will be held on Monday and Tuesday 23rd and 24th March 1903 / 10th and 11th Panguni 1078 at the following centres under the supervision of the persons named below:—

Centres.	Superintendents.
Parur	Head Master, English High School, Parur.
Kottayam	Inspector of Schools, Northern Range, Kottayam.
Alleppey	Head Master, English High School, Alleppey.
Quilon	Inspector of Schools, Central Range, Quilon.
Trivandrum. ...	Do. Southern Range, Trivandrum.
Kottar	Head Master, English High School, Kottar.

II. The examinations will be conducted in English and Malayalam and shall comprise the following subjects:—

1. The Penal Code (Regulation I of 1074.)
2. The Criminal Procedure Code (Regulation V of 1067 as amended by Regulation II of 1074.)
3. The Police Regulation.
4. The Evidence Act.

III. The time-table for the examinations will be as follows :—

Days.	Hours.	Subjects.
Monday 23rd March 1903. / 10th Panguni 1078.	10 A. M. to 1 P. M.	The Penal Code.
	2 P. M. to 5 P. M.	The Criminal Procedure Code and the Police Regulation.
Tuesday 24th March 1903. / 11th Panguni 1078.	10 A. M. to 1 P. M.	The Evidence Act.

IV. (i) The Magistrates' Examination shall be open to,

(*a*) Persons who have passed the Matriculation or any other University Examination or the Vernacular Higher Examination.

(*b*) Persons who entered Government Service permanently on or before the 1st June 1887 / 20th Vycasi 1062 and continue in the same at the time of application except peons, and other menial servants, workmen, employés in Pagodas, Oottupuras and other religious and charity institutions and employés in all departments drawing a salary of less than Rs. 10 per mensom.

(ii) The Police Inspector's Test shall be open to, Head Constables who produce a certificate from the Superintendent of Police that they are eligible for admission to the said examination.

V. The fee for admission to the said examinations is Sirkar Rs. 6. It should be paid into the taluk treasury and a hundi obtained and forwarded with the application by each candidate. The fee, once paid, will, under no circumstance, be returned to the applicant or utilised for a subsequent examination.

VI. Candidates must send in their applications on *printed forms* which may be obtained from the taluk cutcherries.

VII. Applications for admission should be duly filled, and sent to the Superintendent of Service Examinations, Trivandrum, so as to reach him on or before 21st February 1903 / 10th Masi 1078. Any application received after that date will not be registered.

VIII. Candidates falling under clause (i) *a* of Section IV above, should forward with their applications the certificate (in original) of having passed the prescribed examinations and those falling under clause (i) *b* of the same, a certificate from their immediate superior officer that they draw a pay of Rs. 10 or above and that they have been in service on or before 1st June 1887 / 20th Vycasi 1062 and are of good character; failing which their applications will not be registered.

IX. Writing materials will be supplied to the candidates.

X. Admission tickets will be distributed to the candidates by the Superintendent of the examination at 10 A. M. on Saturday preceding the date of examinations and at the place in which the examinations will be held.

Huzur Cutcherry,
Trivandrum,
19th January 1903.

For the Dewan,
P. AIYAPPAN PILLAI,
Secretary to the Dewan,
Educational Department.

പരസ്യം.

൧൯൦൭ ജൂലായി ൨൩-യിലെയും ൧൯൦൭ ഡിസംബർ ൨൩-യിലെയും ഗസെററിൽ പ്രസിദ്ധപ്പെടുത്തിയ ൧൯൦൭ ജൂൺ ൨൫-യിലെയും ൧൯൦൭ നവംബർ ൨൯-യിലെയും പരസ്യത്തിനു തുടർച്ചയായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ മജിസ്ട്രേററു പരീക്ഷയും പൊലീസ് ഇൻസ്പെക്ടർ പരീക്ഷയും ൧൯൦൮ മാർച്ച് ൨൩-ാം ൧൦൮൩ മീനം ൧൦-ാം തിങ്കളാഴ്ചയും മാർച്ച് ൨൪-ാം ൧൦൮൩ മീനം ൧൧-ാം ചൊവ്വാഴ്ചയും ദിവസങ്ങളിൽ താഴെ കാണിച്ചിട്ടുള്ള ആളുകളുടെ അദ്ധ്യക്ഷതയിലും സ്ഥലങ്ങളിലുംവച്ചു നടത്തപ്പെടുന്നതാണു.

സ്ഥലം		അദ്ധ്യക്ഷന്മാർ
പറവൂർ	...	പറവൂർ ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ് മാസ്റ്റർ
കോട്ടയം	...	വടക്കൻ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ
ആലപ്പുഴ	...	ആലപ്പുഴ ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ് മാസ്റ്റർ
കൊല്ലം	...	മദ്ധ്യറേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ
തിരുവനന്തപുരം	...	തെക്കൻ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ
കോട്ടാർ	...	കോട്ടാർ ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ് മാസ്റ്റർ

